# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

ഫോൺ: **0471-2311215,** 6238170312 **e-mail:** kswcfc@gmail.com **Website:** www.kswcfc.org


## വിദ്യാസമുന്നതി സ്കോളർഷിപ്പ് (2020-21) CA, CS, CMA (ICWA) കോഴ്സുകൾ- അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാസമുന്നതി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാകണം.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ **''ഡാറ്റാബാങ്കിൽ'' ഒറ്റത്തവണമാത്രം നിർബന്ധമായി** രജിസ്റ്റർ ചെയ്യേണ്ടതും, അപ്രകാരം ലഭിക്കുന്ന രജിസ്റ്റർനമ്പർ ഉപയോഗിച്ച് സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- ഡാറ്റാബാങ്ക് രജിസ്ട്രേഷൻ നമ്പർ മുൻവർഷങ്ങളിൽ ലഭിച്ചിട്ടുള്ളവർ പ്രസ്തുത നമ്പർ ഉപയോഗിച്ച് സ്കോളർഷിപ്പ് സ്കീമിന്റെ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും രണ്ട് ലക്ഷം (2,00,000/-) രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷകൾ ഓൺലൈനായിട്ടാണ് അയയ്ക്കേണ്ടത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അതത് സ്കീമുകൾക്കായി ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.
- സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും.
- **മുൻ വർഷങ്ങളിൽ ഈ വിഭാഗത്തിൽ നിന്ന് തന്നെ 2 തവണയെങ്കിലും സ്കോളർഷിപ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ലാത്തതാണ്.**
- Enrolement Card-ന്റെ പകർപ്പ് അപേക്ഷയോടൊപ്പംUpload ചെയ്യേണ്ടതാണ്.
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ പോലും അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി വരെ അപേക്ഷ തിരുത്തുന്നതിനുള്ള അവസരം ലഭിക്കും. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- **കേന്ദ്ര/ സംസ്ഥാന സർക്കാരുകളുടെ മറ്റിതര സ്കോളർഷിപ്പുകൾ/ സ്റ്റൈപന്റുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.** ഇത് സംബന്ധിച്ച് തെറ്റായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പിനത്തിൽ ലഭ്യമായ തുക15% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി തുടർന്ന് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നു.
- ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ അപേക്ഷയുടെയും, രേഖകളുടെയും പകർപ്പുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് തപാലിൽ **അയച്ചുതരേണ്ടതില്ല**.
- സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി** **20.10.2020.**

## വിദ്യാസമുന്നതി സ്കോളർഷിപ്പ് – വിശദാംശങ്ങൾ

| വിദ്യാസമുന്നതി -സ്കോളർഷിപ്പ് (2020-21) | പ്രതിവർഷ സ്കോളർഷിപ്പ് തുക (2020-21) | സ്കോളർഷിപ്പുകളുടെ എണ്ണം | അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ | അടിസ്ഥാന യോഗ്യത | അപേക്ഷയോടൊപ്പം നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ |
|---|---|---|---|---|---|
| **CA,CS, CMA (ICWA)** | 10,000/- | 90 | അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ **Institute of Chartered Accountant, Institute of Company Secretaries, Institute of Cost Accountant** മുതലായവ | • അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷകന് 35 വയസ്സ് തികയുവാൻ പാടില്ല.<br>• അപേക്ഷകർ സി.എ, സി.എം.എ (ഐ.സി.ഡബ്ല്യു.എ) ഇന്റർമീഡിയേറ്റ് തലം, സി. എസ് (എക്സിക്യൂട്ടിവ് പ്രോഗ്രാം തലം പൂർത്തിയാക്കി 4 വർഷം കഴിയാത്തവരാകണം.) | • ഇന്റർമീഡിയേറ്റ് പരീക്ഷ പാസ്സായതിന്റെ രേഖ.<br>• Registration/Enrolement Card<br>• വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്)<br>• ജാതി തെളിയിക്കുന്ന രേഖ – വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്. (മറ്റുരേഖകൾ സ്വീകാര്യമല്ല).<br>• ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ് (അക്കൗണ്ട് നമ്പർ, IFSC,ബ്രാഞ്ച് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം).<br>• ആധാർ കാർഡ് |